# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടനിയമസഭാചോദ്യം നം 819 — 25.07.2012 -ൽ മറുപടിയ്ക്ക്

### ലേബർ കോടതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, കെ.എൻ.എ. ഖാദർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ലേബർ കോടതികൾ ഏതെല്ലാം മേഖലകളിലെ തൊഴിലാളികളുടെ കേസുകളാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 1947- ലെ വ്യവസായതർക്കനിയമം, 1948 – ലെ കുറഞ്ഞ വേതന നിയമം (മിനിമം വേജസ് ആക്ട്), 1936 – ലെ വേതനം കൊടുക്കൽ നിയമം എന്നീ നിയമങ്ങളുടെ പരിധിയിൽ വരുന്ന സ്വകാര്യമേഖലയിലെയും, സഹകരണമേഖലയിലെയും, പൊതു മേഖല, അർദ്ധസർക്കാർ സ്ഥാപനങ്ങളിലേയും തൊഴിലാളികളുടെ തർക്കങ്ങളും വ്യവഹാരങ്ങളും തൊഴിൽ കോടതികളിൽ കൈകാര്യം ചെയ്യുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബാങ്കിംഗ് മറ്റ് ഇതര സ്ഥാപനങ്ങൾ എന്നിവ തൊഴിൽ കോടതികളുടെ പരിധിയിൽ വരുന്നില്ല. |
| (ബി) സംസ്ഥാനത്താകെ എത്ര ലേബർ കോടതികളാണ് പ്രവർത്തിച്ച് വരുന്നത്; | (ബി) സംസ്ഥാനത്താകെ നാല് തൊഴിൽ കോടതികൾ പ്രവർത്തിച്ച് വരുന്നു. |
| (സി) ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി ക്രമങ്ങൾ ലളിതമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ